സർക്കാർ ഭൂമി ഹിന്ദുസ്ഥാൻ ലിവർ കമ്പനി കൈവശം വയ്ക്കുകയും നിർമ്മാണം നടത്തുകയും ചെയ്തത് സംബന്ധിച്ച് അന്വേഷണം

5 (*125) ശ്രീ. എ. കെ. ബാലൻ :
ശ്രീ. സാജു പോൾ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളത്തെ സർക്കാർ ഭൂമി ഹിന്ദുസ്ഥാൻ ലിവർ കമ്പനി കൈവശം വയ്ക്കുകയും അതിൽ നിർമ്മാണം നടത്തുകയും ചെയ്തതായുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ഭൂമി തിരിച്ചെടുക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു ;

(സി) ഇപ്രകാരം ഭൂമി കൈവശപ്പെടുത്തുന്നതിനും, നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഹിന്ദുസ്ഥാൻ ലിവർ കമ്പനിക്കാവശ്യമായ ഒത്താശകൾ ചെയ്തു കൊടുത്ത റവന്യൂ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണം നടത്തുമോ ?

റവന്യൂവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്.

(ബി) കണയന്നൂർ താലൂക്കിൽ എറണാകുളം വില്ലേജിൽ ടാറ്റാ ഓയിൽ മിൽസിന്റെ കൈവശത്തിലിരുന്ന 7 ഏക്കർ 33.825 സെന്റ് സ്ഥലം കണയന്നൂർ താലൂക്ക് ലാന്റ് ബോർഡ് ചെയർമാൻ 14-6-1999-ലെ 12445/75 നമ്പർ നടപടി പ്രകാരം മിച്ചഭൂമിയായി പ്രഖ്യാപിക്കുകയും, ടി ഭൂമി ഏറ്റെടുക്കുന്നതിന് ഉത്തരവാകുകയും ചെയ്തു. ഹിന്ദുസ്ഥാൻ ലിവർ കമ്പനി ഫയൽ ചെയ്ത സി. ആർ. പി. 1591/99-ൽ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ ടി ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ ടി ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല.

എറണാകുളം വില്ലേജിൽ 215/6,7,8,10,12 എന്നീ നമ്പരുകളിൽപ്പെട്ട 4.44 ആർ തോടുപുറമ്പോക്ക് കയ്യേറിയതും പഴയ സർവ്വേ 1236-ൽപ്പെട്ട ഗ്രൗണ്ട് റെന്റിന് നൽകിയിരുന്ന സ്ഥലത്ത് പണിതിട്ടുള്ള കെട്ടിടം പൊളിച്ചു മാറ്റുന്നതിനും ഹിന്ദുസ്ഥാൻ ലിവർ കമ്പനിക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസുകൾ പ്രകാരമുള്ള നടപടികളും ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ഈ സ്റ്റേ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി & ഡി) റവന്യൂ ഉദ്യോഗസ്ഥർ നടപടികളിൽ വീഴ് വരുത്തിയതായി പരാമർശിക്കുന്ന ശ്രീ. എസ്. ബിജു സമർപ്പിച്ച പരാതിയിന്മേൽ നിയമസഭാ പെറ്റീഷൻസ് കമ്മിറ്റി തെളിവെടുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly